**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **29-01-2024 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയുടെ ഭാഗമായി അമ്മയും കുഞ്ഞും ആശുപത്രി, ഡയാലിസിസ് യൂണിറ്റ്, ഐസൊലേഷൻ വാർഡ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാട് ആണ് ഉള്ളത്. വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയുടെ ഭാഗമായി അമ്മയും കുഞ്ഞും ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. നിലവിൽ വെള്ളരിക്കുണ്ട് താലൂക്ക് ആശുപത്രിയിൽ ലക്ഷ്യ നിലവാരത്തിലുള്ള പ്രസവ വാർഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br><u>ഡയാലിസിസ് യൂണിറ്റ്</u><br><br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ പൂടംകല്ല് (പനത്തടി) താലൂക്ക് ആശുപത്രിയിൽ കിഫ്ബി പ്രോജക്ടിന്റെ കീഴിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് Kerala Health Research and Welfare Society (KHRWS) ക്ക് പ്രവർത്തന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൈറ്റിൽ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയായി. എന്നാൽ നിലവിൽ ഡയാലിസിസ് യൂണിറ്റിലേക്ക് വൈദ്യുതി ബോർഡിന്റെ സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അധിക ജോലികൾക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ് ന് അഡിഷണൽ എസ്റ്റിമേറ്റ് ന് അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ് സ്വീകരിച്ച് വരുന്നു.<br><br><u>ഐസൊലേഷൻ വാർഡ് നിർമ്മാണം</u> |

| | | | |
|---|---|---|---|
| | | | ആദ്യ ഘട്ട പ്രവർത്തന ഉത്തരവ് നൽകിയ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ പൂടംകല്ല് (പനത്തടി) താലൂക്ക് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ് (70% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്). പെയിന്റിംഗ്, ഇന്റീരിയർ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ